LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ മണ്ഡലത്തിലെ ആദായകരമല്ലാത്ത സ്കൂളുകൾ

19(1147) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ആദായകരമല്ലാത്ത എത്ര സ്കൂളുകളുണ്ട്;

(ബി) എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങൾ തിരിച്ച്, പ്രസ്തുത സ്കൂളുകൾ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ആദായകരമല്ലാത്ത 17 സ്കൂളുകൾ ഉണ്ട്.

(ബി) 2 യു. പി. സ്കൂളും 15 എൽ. പി. സ്കൂളുകളുമാണുള്ളത്. വിശദവിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) സ്കൂളുകൾ അടച്ചു പൂട്ടുന്നതു സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടില്ല.

കശുമാവ് കൃഷിവർദ്ധനയ്ക്കായി നൽകിയ ഇളവുകൾ

20(1263) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുമാവ് കൃഷി ചെയ്യുന്നതായി കണക്കാക്കപ്പെട്ട ഭൂമി എത്രയാണ്, ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചുവന്നിരുന്ന എത്രപേർ പുതുതായി കശുമാവ് കൃഷി ചെയ്യുകൊണ്ട് പരിധി സംബന്ധിച്ച നിയമവ്യവസ്ഥയിൽ നിന്നും ഒഴിവാക്കപ്പെടുകയുണ്ടായി ;

(സി) കശുമാവ് കൃഷി വർദ്ധന ലക്ഷ്യമാക്കിക്കൊണ്ട് ഭൂമി കൈവശം വച്ചുവരുന്നവർക്കായി നൽകിയ ഇളവുകൾ എന്തെല്ലാമായിരുന്നു ; ഇതിന്റെ പ്രയോജനം ലഭിച്ചവർ എത്ര ; അതുവഴി കശുവണ്ടി ഉൽപ്പാദനത്തിലുണ്ടായ വർദ്ധന എത്ര; വിശദാംശം എത്ര ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 150000 ഹെക്ടർ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതുവരെ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഹെക്ടറിൽ 150-ൽ കവയാതെ കശുമാവ് മരങ്ങൾ കൃഷി ചെയ്തിട്ടുള്ള ഭൂമിയെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തീർപ്പായ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ആയതിനാൽ ഇതിന്റെ പ്രയോജനം ലഭിച്ചവരുടെ കണക്കുകൾ ലഭ്യമല്ല.

തോട്ടഭൂമിയുടെ വിനിയോഗം

21(1264) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തോട്ടഭൂമിയാകെ എത്ര ഏക്കറാണെന്നും പ്രസ്തുത ഭൂമിയുടെ കൈവശക്കാർ എത്രയാണെന്നും വെളിപ്പെടുത്തുമോ ;

(ബി) തോട്ടഭൂമിയുടെ അഞ്ച് ശതമാനം തോട്ടം ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയത് എത്ര തോട്ടം ഉടമകൾക്കാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) ആകെ തോട്ടഭൂമിയുടെ എത്ര ശതമാനംഭൂമി ടൂറിസം ഉൾപ്പെടെയുള്ള ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ഡി) തോട്ടഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകേണ്ടത് ആരാണ്; എത്ര അപേക്ഷകൾ ഇതിനായി ലഭിച്ചിട്ടുണ്ട്; ഇതിനകം അനുമതി നൽകിയത് എത്രപേർക്കാണ്?

ഉത്തരം

(എ) 318997.26 ഏക്കർ 13474 പേർ

(ബി) അനുമതി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly